## സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ

291 (1587) ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ അംഗീകാരത്തിൽ എത്ര അനാഥ/ അഗതി/വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഇവയ്ക്ക് എത്ര വീതമാണ് ഗ്രാന്റ് പ്രതിവർഷം ലഭിക്കുന്നതെന്നും മറ്റ് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ മുഖേന ലഭിക്കുന്നത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരത്തിൽ സംസ്ഥാനത്ത് 72 അനാഥ/അഗതി/വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 750 രൂപ നിരക്കിൽ ഭക്ഷണത്തിനും 300 രൂപ നിരക്കിൽ മരുന്നിനും പ്രതിമാസം അനുവദിച്ചുവരുന്നു. അന്തേവാസികൾക്ക് 1000 രൂപ പ്രകാരം വസ്ത്രത്തിനും നൽകിവരുന്നു. കൂടാതെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് 525 രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകിവന്നിരുന്നു. ആയത് 700 രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാമിഷൻ സ്വരൂപിച്ച സംഭാവന

292 (1588) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിച്ച സംഭാവനകളെ സംബന്ധിച്ച് സാമ്പത്തികവർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തുക കൊണ്ട് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly